പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3503 — 20.6.2019 ൽ മറുപടിയ്ക്ക്

## സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സർക്കാർ സർവ്വീസിൽ 1999 മുതൽ 2003 വരെ താല്ക്കാലികമായി ജോലി നോക്കിയ ഭിന്നശേഷിക്കാരെ മുൻ സർക്കാരിന്റെ കാലത്ത് സ്ഥിരപ്പെടുത്തിയിരുന്നോ; എത്ര പേർക്കാണ് അന്ന് നിയമനം നൽകിയത്; | (എ) സർക്കാർ സർവ്വീസിൽ 16.8.1999 മുതൽ 31.12.2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലികമായി ജോലി നോക്കിയ 1761 ഭിന്നശേഷിക്കാർക്ക് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർനിയമനം നൽകിയിരുന്നു. |
| (ബി) സർക്കാർ സർവ്വീസിൽ 2004 മുതൽ 2018 വരെ താല്ക്കാലികമായി ജോലി നോക്കിയ ഭിന്നശേഷിക്കാരെ ഈ സർക്കാർ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (ബി) ഇപ്പോൾ പരിഗണനയിലില്ല. |
| (സി) പ്രസ്തുത വിഭാഗത്തിന് അർഹതപ്പെട്ട സംവരണം എത്ര ശതമാനമാണ്; | (സി) Rights of Persons with Disabilities Act, 2016 പ്രകാരം സർക്കാർ സർവ്വീസിൽ 4% സംവരണം വ്യവസ്ഥ ചെയ്യുന്നു. |
| (ഡി) പ്രസ്തുത നിശ്ചിത ശതമാനം ഒഴിവുകളിൽ അവർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) നിലവിൽ Persons with Disabilities Act,1995 പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള തസ്തികകളിൽ പി.എസ്.സി മുഖേനയുള്ള നിയമനങ്ങളിൽ 3% സംവരണം 1, 34, 67 എന്നീ ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ച് അനുവദിച്ച് വരുന്നു. Rights of Persons with Disabilities Act, 2016 പ്രകാരം 4% സംവരണം നൽകാൻ അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Jasmin Thomas

സെക്ഷൻ ഓഫീസർ